കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിലെ Technical Superintendent (Dairy) കാറ്റഗറി നമ്പർ : 571/12 – ജനറൽ, കാറ്റഗറി നമ്പർ :572/12 - സൊസൈറ്റി) തസ്തികയുടെ തെരഞ്ഞെടുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഡിസംബർ 18, 19, 20, 21, 23 തീയതികളിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പട്ടം ആസ്ഥാന ആഫീസിൽ വച്ച് വൺടൈം വെരിഫിക്കേഷൻ നടത്താൻ ഉത്തരവായിട്ടുണ്ട്. വെരിഫിക്കേഷൻ സംബന്ധമായ വിവരങ്ങൾ ഉദ്യോഗാർത്ഥികളുടെ മൊബൈൽ നമ്പരുകളിലേക്ക് എസ്.എം.എസ്. ആയി അയച്ചിട്ടുണ്ട്. എസ്.എം.എസ്.-ൽ നിഷ്കർഷിച്ചിട്ടുള്ള തീയതിയിലും സമയത്തും ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷന് ഹാജരാകേണ്ടതാണ്. എസ്.എം.എസ്. ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് 16.12.2013-ന് മുമ്പ് ഈ ആഫീസിൽ വിവരം തിരക്കാവുന്നതാണ്. വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യോഗ്യതകൾ തെളിയിക്കുന്നതിനായി എല്ലാ പ്രമാണങ്ങളുടെയും ഒറിജിനൽ, ഐ.ഡി. പ്രൂഫിന്റെ ഒറിജിനൽ, കോപ്പി എന്നിവ ഹാജരാക്കേണ്ടതാണ്. സൊസൈറ്റി വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ സർവ്വീസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.